"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- തിരൂർ നഗരസഭയിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഉമേഷ്.എസ്-ന് പ്രതിഫലം കൂടാതെ ഏതെങ്കിലും ഒരു സിനിമയ്ക്ക് തിരക്കഥ എഴുതുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2905/2022/LSGD തീയതി,തിരുവനന്തപുരം, 23-11-2022

---

പരാമർശം:-
1. തിരൂർ നഗരസഭയിലെ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ ശ്രീ. ഉമേഷ്.എസ് സമർപ്പിച്ച 08.08.2022 തീയതിയിലെ അപേക്ഷ.
2. നഗരകാര്യ ഡയറക്ടറുടെ 10.10.2022 തിയതിയിലെ DUA/9069/2022-E8 നമ്പർ കത്ത്.

**ഉത്തരവ്**

തിരൂർ നഗരസഭയിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഉമേഷ്.എസ്-ന് സിനിമയിൽ തിരക്കഥ എഴുതുന്നതിനും പ്രതിഫലമൊന്നും കൈപ്പറ്റാതെയും സർക്കാർ ജീവനക്കാർക്ക് ബാധകമായ പെരുമാറ്റചട്ടം പാലിച്ചുകൊണ്ട് സിനിമമേഖലയിൽ പ്രവർത്തിക്കുന്നതിനും അനുമതി നൽകുന്നതിലേക്കായി ടിയാൾ നഗരസഭാസെക്രട്ടറി മുഖേന സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം തുടർനടപടികൾക്കായി നഗരകാര്യഡയറക്ടർ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48(1) ന്റെ ആദ്യ പ്രൊവിസോ പ്രകാരം സർക്കാർ ജീവനക്കാർക്ക് ശാസ്ത്ര, കലാ-സാംസ്കാരിക, സാഹിത്യ, സാമൂഹിക രംഗങ്ങളിൽ പ്രതിഫലം കൈപ്പറ്റാതെയും, ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന് തടസ്സമില്ലാതെയും ഏർപ്പെടുന്നതിന് സോപാധിക അനുമതിയുണ്ട്. എന്നാൽ സർക്കാർ ജീവനക്കാർക്ക്, നാടകം, സിനിമ, സീരിയൽ, ഹ്രസ്വചിത്രം, വീഡിയോ ഗാനം, വാണിജ്യാടിസ്ഥാനത്തിലുള്ള മറ്റ് പ്രോഗ്രാമുകൾ എന്നിവയിൽ അഭിനയിക്കുന്നതിനോ, സംവിധാനം ചെയ്യുന്നതിനോ, പ്രവർത്തിക്കുന്നതിനോ അനുമതി നൽകുന്ന പൊതുവായ വ്യവസ്ഥകളോ, ഉത്തരവുകളോ നിലവിലില്ല. ആയതിനാൽ സിനിമ മേഖലയിൽ പ്രവർത്തിക്കുന്നതിനും തിരക്കഥ രചന നടത്തുന്നതിനും പൊതുവായ അനുമതി നല്കാവുന്നതല്ല.

3. മേൽ സാഹചര്യത്തിൽ 1960- ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടും സർക്കാരിനെതിരായ പരാമർശങ്ങൾ നടത്തില്ല എന്ന്

ഉറപ്പുവരുത്തിക്കൊണ്ടും, പ്രതിഫലം കൂടാതെ ഏതെങ്കിലും ഒരു സിനിമയ്ക്ക് തിരക്കഥ എഴുതുന്നതിന് തിരൂർ നഗരസഭയിലെ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ ശ്രീ. ഉമേഷ്.എസ്-ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDUMOLE M
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. ഉമേഷ്.എസ്, എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ, തിരൂർ നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, തിരൂർ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Sonu Jacob**
**Date: 24-11-2022 10:34:35**
സെക്ഷൻ ഓഫീസർ